HLM-0074

The Heavenly Light Ministry

ജീവന്റെ ഉറവിടം ക്രിസ്തുവത്രേ
നാവനിലാവനെ നാം ഘോഷിക്കാം
അവനത്രെ എൻ പാപഹരൻ
തൻ ജീവനാലെന്നെയും വീണ്ടെടുത്തു

1. താഴ്ചയിലെനിക്കവൻ തണലേകി
താങ്ങിയെന്നെ വീഴ്ചയിൽ വഴി നടത്തി
തുടച്ചെന്റെ കണ്ണുനീർ പൊൻകരത്താൽ
തുടിക്കുന്നെൻ മനം സ്വർഗ്ഗസന്തോഷത്താൽ ജീവ...

2. കരകാണാതാഴിയിൽ വലയുവോരേ
കരുണയേ കാംക്ഷിക്കും മൃതപ്രായരേ
വരികവൻ ചാരത്തു ബന്ധിതരേ
തരുമവൻ കൃപ മനഃശാന്തിയതും ജീവ...

നമുക്കു മുൻ ചൊന്നതാം വിശുദ്ധന്മാരാൽ
അലംകൃതമായ തിരുവചനം
അനുദിനം തരുമവൻ പുതുശക്തിയാൽ
അനുഭവിക്കും അതിസന്തോഷത്താൽ ജീവ....